LIBRARY ARCHIVES Kerala Legislative Assembly

ട്രാഫിക് പോലീസ് സ്റ്റേഷനുകൾ സംബന്ധിച്ച ഉദ്യോഗസ്ഥഭരണ പരിഷ്കരണ വകുപ്പിന്റെ റിപ്പോർട്ട്

258 (268) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥഭരണ പരിഷ്കരണ വകുപ്പ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അങ്കമാലി ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(സി) ഇല്ലെങ്കിൽ ഉദ്യോഗസ്ഥഭരണ പരിഷ്കാരണ വകുപ്പ് റിപ്പോർട്ട് സമർപ്പിക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് 17-8-2015-ന് വിവരശേഖരണം ആരംഭിക്കുകയും 21-11-2015-ന് വിവരശേഖരണം പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് റിപ്പോർട്ടിന്റെ കരട് തയ്യാറാക്കിവരുന്നു.

ക്രിമിനൽ കേസ്സുകൾ

259 (269) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊലപാതകം, കൂട്ടക്കവർച്ച, മാലപൊട്ടിക്കൽ, ആരാധനാലയങ്ങളിലെ കവർച്ച, മദ്യം-മയക്കുമരുന്ന് കേസ്സുകൾ എന്നിവ സംസ്ഥാനത്ത് അനുദിനം വൻതോതിൽ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര കൊലപാതക കേസ്സുകൾ, കൂട്ടക്കവർച്ച കേസ്സുകൾ, മാലപൊട്ടിക്കൽ കേസ്സുകൾ, ആരാധനാലയങ്ങളിലെ കേസ്സുകൾ എന്നിവ രജിസ്റ്റർ ചെയ്യുകയുണ്ടായി ; തരംതിരിച്ച് ജില്ലതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ;

(സി) ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ നാളിതുവരെ ഇത്തരം കേസ്സുകളിൽ ഉൾപ്പെട്ട സിവിൽ പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥർ ആരെല്ലാം എന്നും ഇവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ ?